സാധാരണക്കാരോടുള്ള റെയിൽവേയുടെ അവഗണന

130.(497) ശ്രീ. എം. എ. ബേബി :

ശ്രീമതി. കെ. എസ്. സലീഖ :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരുടെ സുഗമമായ യാത്രയ്ക്ക് അടിസ്ഥാന സൗകര്യ മൊരുക്കുന്നതിൽ അവഗണന കാണിക്കുന്ന റെയിൽവേ, യാത്രക്കാരെ നിരക്ക് വർദ്ധനയിലൂടെയും മറ്റും കൊള്ളയടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടിക്കറ്റ് റിസർവ്വേഷൻ ചെയ്ത യാത്രക്കാർ അത്യാവശ്യഘട്ടങ്ങളിൽ ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ ഈടാക്കിയ ചാർജ്ജിൽ മാറ്റം വരുത്തിക്കൊണ്ട് പുറത്തിറക്കിയ ഉത്തരവ് ഭാരിച്ച സാമ്പത്തിക നഷ്ടം വരുമെന്നത് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ ജനങ്ങളെ കൊള്ളയടിക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിരക്ക് വർദ്ധനവ്മൂലം ട്രെയിൻ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റിസർവേഷൻ ചെയ്ത ടിക്കറ്റുകൾ ക്യാൻസൽ ചെയ്യുമ്പോൾ ഇതു തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് റീ ഫണ്ട് റൂൾസിൽ മാറ്റം വരുത്തി കൊണ്ടുള്ള റെയിൽവേ ബോർഡിന്റെ 12-11-2015-ലെ സർക്കുലർ പ്രകാരം യാത്രക്കാർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന് റെയിൽവേയിൽ നിയന്ത്രണമില്ലാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് റെയിൽവേ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക മാത്രമാണ് സാധ്യമായ നടപടി.

LIBRARY ARCHIVES Kerala Legislative Assembly